(ഡി) പാട്ട വ്യവസ്ഥ ലംഘിക്കുന്ന കോസ്സുകളിൽ പാട്ടം റദ്ദാക്കി അവ സർക്കാരിലേക്ക് ഒഴിപ്പിച്ചെടുക്കാറുണ്ട്.

പാട്ടത്തുക വർദ്ധനവ്

59 (2856) ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക ഭൂമി പാട്ടത്തിന് ഉപയോഗിക്കുന്നവരിൽ നിന്നും ഈടാക്കി വരുന്ന തുക വർദ്ധിപ്പിച്ചുകൊണ്ട് ഗവൺമെന്റ് അവസാനമായി ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

(ബി) ഇതനുസരിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ചട്ടപ്രകാരം നിർദ്ദേശിച്ച തുക ഈടാക്കിയതിനെ തുടർന്ന് ഇതുവരെ ഗവൺമെന്റിന് വരുമാനത്തിൽ എന്തു വർദ്ധനവുണ്ടായി;

(ഡി) പ്രസ്തുത ഉത്തരവ് നിലവിൽ വന്നശേഷം ഇതുവരെയായിട്ടും ഗവൺമെന്റിന് പണം നൽകാത്ത പാട്ടമുടമകളുടെ മേൽ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) 19.12.1985-ലെ ജി.ഒ.(എം.എസ്) 1026/85/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് അവസാനമായി കേരള ഭൂമിപതിവ് ചട്ടപ്രകാരമുള്ള പാട്ടനിരക്ക് പുതുക്കി നിശ്ചയിച്ചത്. ഇതനുസരിച്ച് ഓരോ ആവശ്യത്തിനും ഭൂമി പാട്ടത്തിനു നൽകുന്നതിന് പ്രത്യേകം നിരക്കാണ് നിശ്ചയിച്ചിരിക്കുന്നത്. 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിപതിവ് ചട്ടങ്ങൾ നിലവിൽ വന്നതുമുതൽ നഗരപ്രദേശങ്ങളിൽ അതുപ്രകാരമാണ് പാട്ടം നിശ്ചയിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം വ്യാപാരാവശ്യത്തിന് നൽകിയ ഭൂമിക്ക് കമ്പോള വിലയുടെ 20% നിരക്കിലും മറ്റു ആവശ്യങ്ങൾക്ക് 10% നിരക്കിലും പാട്ടം ഈടാക്കേണ്ടതാണ്.

(സി) പ്രത്യേകമായി കണക്കാക്കിയിട്ടില്ല.

(ഡി) പാട്ട വ്യവസ്ഥകൾ ലംഘിക്കുന്ന കേസ്സുകളിൽ പാട്ടം റദ്ദാക്കുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും ഭൂമി തിരിച്ചെടുക്കുന്നതിനും ബന്ധപ്പെട്ട ചട്ടങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്

പാട്ടഭൂമി

60 (2857) ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വക ഭൂമി പാട്ടത്തിന് ഉപയോഗിക്കുന്നവരിൽനിന്ന് നിലവിൽ എന്തു തുകയാണ് പാട്ടമായി ഈടാക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) പാട്ടം ഈടാക്കുന്നതിന് സംബന്ധിച്ചുള്ള ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly